## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 3186 — 18.10. 2016 ൽ മറുപടിക്ക്

### മിനിസ്റ്റീരിയൽ ഓഫീസർമാരുടെ പ്രമോഷൻ

**ചോദ്യം**

ശ്രീ.റോഷി അഗസ്റ്റിൻ
" മോൻസ് ജോസഫ്
" സി.എഫ്.തോമസ്
ഡോ.എൻ.ജയരാജ്

**ഉത്തരം**

ശ്രീ.കടകംപള്ളി സുരേന്ദ്രൻ
(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ)കെ.എസ്.ഇ.ബി-യിൽ മിനിസ്റ്റീരിയൽ ഓഫീസർമാർക്ക് ഒരു തസ്തികയിൽ നിന്ന് അടുത്ത തസ്തികയിലേക്ക് പ്രമോഷൻ ലഭിക്കുന്നതിന് നിലവിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; ഇത് സംബന്ധിച്ച് ഇറക്കിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) കെ.എസ്.ഇ.ബി. ലിമിറ്റഡിലെ മിനിസ്റ്റീരിയൽ ഓഫീസർമാരുടെ ഉൾപ്പെടെയുള്ള ഓഫീസർമാരുടെ പ്രമോഷൻ സംബന്ധിച്ച മാനദണ്ഡങ്ങൾ പ്രതിപാദിക്കുന്ന 18.02.2012-ലെ ബോർഡ് ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി)പ്രൊമോഷനു നിശ്ചയിച്ചിട്ടുള്ള പ്രസ്തുത മാനദണ്ഡങ്ങൾ മൂലം പ്രമോഷൻ തസ്തിക ഒഴിഞ്ഞു കിടന്നിട്ടും പ്രമോഷൻ ലഭിക്കാത്ത എത്ര മിനിസ്റ്റീരിയൽ ഓഫീസർമാർ ഉണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) പേഴ്സണൽ അസിസ്റ്റന്റിന്റെ മൂന്നു ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ട്. |
| (സി)മിനിസ്റ്റീരിയൽ ഓഫീസർമാരിൽ വിരമിക്കാൻ രണ്ടു വർഷത്തിൽ താഴെയുള്ളവർ എത്രപേരുണ്ട്; ഇവർക്ക് നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് നല്കി ഒഴിഞ്ഞു കിടക്കുന്ന പ്രമോഷൻ തസ്തികയിൽ നിയമനം നൽകാൻ സത്വര നടപടി സ്വീകരിക്കുമോ? | (സി)384 പേരുണ്ട്. ബോർഡുത്തരവിൽ പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് ഇതുവരെ പ്രൊമോഷനുകൾ നൽകി വരുന്നത്. നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് നൽകി പ്രമോഷൻ നൽകുന്നതിന് നിയമപരമായി നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്